പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 3207 – 11/05/2017 - ലെ മറുപടിക്ക്

പദ്ധതി നിർവ്വഹണത്തിൽ ഉണ്ടാകുന്ന കാലതാമസം

ചോദ്യം

ഉത്തരം

ശ്രീ. എം. ഉമ്മർ

ഡോ. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | സംസ്ഥാനത്ത് പദ്ധതി നിർവ്വഹണത്തിന്റെ ഭൂരിഭാഗം ഫണ്ടും മാർച്ച് മാസത്തിലെ അവസാന ദിവസങ്ങളിലാണ് ചെലവഴിക്കുന്നത് എന്ന വസ്തുത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി | ഇതു മൂലം പദ്ധതികൾക്ക് വേണ്ടത്ര പ്രാധാന്യം ലഭിക്കുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | പദ്ധതി നിർവ്വഹണത്തിന് കൂടുതൽ പ്രാധാന്യം നൽകുന്നതിനും നിർവ്വഹണത്തിലെ കാലതാമസം ഒഴിവാക്കുന്നതിനുമായി 30.03.2017 തീയതിയിലെ 20/2017/ധന. നമ്പർ സർക്കുലർ പ്രകാരം 2017-18 സാമ്പത്തിക വർഷം മുതൽ പദ്ധതി ചെലവുകൾ അവസാന മാസത്തിലേയ്ക്ക് മാറ്റി വയ്ക്കുന്നത് ഒഴിവാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കുലർ പ്രകാരം മാർച്ച് മാസത്തിന് മുമ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടക്കം എല്ലാ വകുപ്പുകളും 85 ശതമാനം പദ്ധതിചെലവ് നടത്തിയിരിക്കണമെന്നും ബാക്കി 15 ശതമാനം മാർച്ച് മാസ ത്തിൽ ചെലവ് ചെയ്യാനുമാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഇപ്രകാരം പദ്ധതിവിഹിതം ചെലവഴിക്കുമ്പോൾ അവസാന പാദത്തിലെ ചെലവ് 33 ശതമാനത്തിൽ കൂടരുതെന്നും നിഷ്കർഷിച്ചിട്ടുണ്ട്. |
| സി | പദ്ധതി നിർവ്വഹണത്തിൽ ഉണ്ടാകുന്ന ഇത്തരം കാലതാമസത്തിന്റെ യഥാർത്ഥ കാരണങ്ങളെ സംബന്ധിച്ച് പരിശോധന നടത്തുന്നതിനും മേലിൽ ഇത്തരം വീഴ്ചകൾ ഒഴിവാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | പദ്ധതി നിർവ്വഹണം സമയബന്ധിതവും കാര്യക്ഷമവും ആക്കുന്നതിന് വേണ്ടി ഓരോ മാസവും ചീഫ് സെക്രട്ടറി അദ്ധ്യക്ഷതയിൽ അതാത് വകുപ്പ് സെക്രട്ടറിമാരുടെ പദ്ധതി അവലോകന യോഗം ചേരാറുണ്ട്. ഇതു കൂടാതെ ഓരോ പദ്ധതികൾക്കും വകയിരുത്തിയ പദ്ധതി വിഹിതവും അതിനു ചെലവായ തുകയും നിരീക്ഷിക്കുന്നതിന് പ്ലാൻ സ്പേസ് എന്ന മോണിറ്ററിംഗ് സംവിധാനം ആസൂത്രണ ബോർഡിൽ നിലവിലുണ്ട്. മാസം തോറുമുള്ള പദ്ധതിചെലവിന്റെ വിശദാംശങ്ങൾ മന്ത്രിമാരെ അറിയിക്കുകയും മുഖ്യമന്ത്രി വകുപ്പ് സെക്രട്ടറി തലത്തിൽ മൂന്ന് മാസത്തിലൊരിക്കൽ പദ്ധതി അവലോകനം നടത്തുകയും ചെയ്യുന്നുണ്ട്. |

Sreekumar K

സെക്ഷൻ ഓഫീസർ